**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4700** **02-07-2024 - ൽ മറുപടിയ്ക്ക്**

**കാലപ്പഴക്കമുള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ശുദ്ധജലവിതരണം നടത്തുന്ന പ്രധാന പൈപ്പുകൾക്ക് കാലപ്പഴക്കവും മറ്റുതകരാറുകളും മൂലമുണ്ടാകുന്ന പൊട്ടലും ജലചോർച്ചയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നഗരപ്രദേശങ്ങളിൽ മുൻഗണനാക്രമത്തിൽ ഇവ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന മുൻബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | സ്റ്റേറ്റ് പ്ലാൻ പദ്ധതി, അമൃത്, കിഫ്ബി, എന്നിവ മുഖേന പഴയ പൈപ്പുകൾക്ക് പകരമായി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. വിവിധ റോഡുകളിലൂടെ പൈപ്പുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുമതി ലഭിക്കുന്നതിലെ കാലതാമസവും പൈപ്പ് സ്ഥാപിക്കുന്ന റോഡുകളുടെ റോഡ് പുനരുദ്ധാരണത്തിനായി ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക അതാത് വകുപ്പുകളിലേക്ക് അടവാക്കുന്നതിനായി ഫണ്ട് ലഭിക്കുന്നതിലെ കാലതാമസവും ആണ് നിലവിൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികളിൽ നേരിടുന്ന പ്രധാന തടസ്സങ്ങൾ. |
| (സി) | ഇതിന് സംസ്ഥാന വിഹിതമായി എത്ര തുകയാണ് വകയിരുത്തിയിരുന്നത്; പ്രസ്തുത തുകയുടെ വിനിയോഗ വിവരം വിശദമാക്കുമോ; | (സി) | സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നഗര ജല വിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തൽ/ പുനരധിവാസം എന്ന ശീർഷകത്തിൽ 45 കോടി രൂപയും , ഉത്പാദനവും വിതരണവും മെച്ചപ്പെടുത്തൽ എന്ന ശീർഷകത്തിൽ 50 കോടി രൂപയുമാണ് മുൻ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. പ്രസ്തുത ശീർഷകങ്ങളിൽ ഉൾപ്പെടുത്തി തകരാറിലായ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ കൂടാതെ പമ്പ് സെറ്റ്, വാൽവ് സ്ഥാപിക്കൽ, ശുദ്ധീകരണ ശാലയുടെ അറ്റകുറ്റ പണികൾ, ജലസംഭരണികളുടെ നിർമ്മാണം, വിതരണ ശൃംഖല ദീർഘിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ കൂടി നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് പഴയ പൈപ്പുകൾ മാറ്റുന്ന | (ഡി) | കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ പഴയ പൈപ്പുകൾ മാറ്റിയിടുന്ന പ്രവൃത്തി KIIFB പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയത്. |

| | | | |
|---|---|---|---|
| | പദ്ധതി നടപ്പാക്കുന്നത്; ആയതിന്റെ പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ? | | കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ കിടങ്ങൂർ പഞ്ചായത്തിൽ 1.5km പൈപ്പ് ലൈനും കടുത്തുരുത്തി പഞ്ചായത്തിൽ 2km പൈപ്പ്ലൈനും മാറ്റി സ്ഥാപിച്ച് പ്രവൃത്തി പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ